പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 599 05.06.2018 ലെ മറുപടിക്ക്

## നാളികേര ഉത്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഉമ്മർ | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കേരളത്തിന്റെ നാളികേര ഉത്പാദനത്തിന്റെ 5 ശതമാനം മാത്രമാണ് ചകിരി വേർതിരിയ്ക്കുന്നതിനായി ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചകിരി ഇറക്കുമതി ചെയ്യേണ്ടിവരുന്നത് ഇക്കാര്യംമൂലമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | എ) കേരളത്തിന്റെ നാളികേര ഉത്പാദനത്തിന്റെ വളരെ കുറച്ചുഭാഗം മാത്രമാണ് ചകിരി വേർതിരിക്കുന്നതിനായി ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചകിരി ദൗർലഭ്യം ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമാണ്. കയർഫെഡ് ആഗോള ടെണ്ടർ ക്ഷണിച്ച് ചകിരി ഇറക്കുമതി ചെയ്ത് സംഘങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) ഗാർഹിക തൊണ്ട് സംഭരണത്തിന് എന്തെങ്കിലും സ്ഥിരം സംവിധാനം നിലവിലുണ്ടോ;എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ബി) കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വീടുകളിൽ നിന്നും പച്ചത്തൊണ്ട് ശേഖരിച്ച് ഒരു കേന്ദ്രത്തിലെത്തിച്ച് അവിടെ ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 5 കൊല്ലക്കാലം കൊണ്ട് 1000 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കമായി. |

സെക്ഷൻ ഓഫീസർ